No.CEE/2424/2009/KEAM-2010/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# തെറ്റായ ഉത്തരങ്ങൾക്കുള്ള നെഗറ്റീവ് മാർക്ക് ഒരു മാർക്കായി പുന:സ്ഥാപിച്ചു

പ്രവേശന പരീക്ഷയിൽ തെറ്റായ ഉത്തരം രേഖപ്പെടുത്തുന്നവർക്ക് ബാധകമാക്കിയിരുന്ന നെഗറ്റീവ് മാർക്ക് 2010 ലെ പരീക്ഷയിൽ ഒരു മാർക്കിൽ നിന്ന് അരമാർക്കായി ഗവണ്മെന്റ് അംഗീകൃത പ്രോസ്പെക്ടസ് പ്രകാരം കുറച്ചിരുന്നു. നെഗറ്റീവ് മാർക്കിനെ സംബന്ധിച്ച വിദ്യാർത്ഥികൾക്കുള്ള ഭയം ഒരളവുവരെ അകറ്റുകയും എന്നാൽ നെഗറ്റീവ് മാർക്ക് സംവിധാനം അപ്പാടെ ഒഴിവാക്കാതിരിക്കുകയും ചെയ്യുന്നൊരു മാറ്റമെന്ന നിലയിലാണ് അര മാർക്കായി കുറച്ചത്. അതായത്, നെഗറ്റീവ് മാർക്ക് പാടെ ഒഴിവാക്കണമെന്ന ചിലരുടെ ആവശ്യം അംഗീകരിക്കുകയുണ്ടായില്ല. എന്നിരുന്നാലും ഇതിനെപ്പറ്റി വ്യത്യസ്ത പ്രതികരണങ്ങൾ ഉണ്ടായി. അതുകണക്കിലെടുത്ത് 16.12.2009 ലെ സർക്കാർ ഉത്തരവ് G.O.(Ms)No.222/09/H.Edn. പ്രകാരം നെഗറ്റീവ് മാർക്ക് പൂർവ്വസ്ഥിതിയിലാക്കിയിരിക്കുന്നു.

2010 ലെ പ്രവേശന പരീക്ഷയിൽ തെറ്റായ ഉത്തരം രേഖപ്പെടുത്തിയാൽ ഒരു മാർക്ക് വീതം കുറയ്ക്കുന്നതാണ്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം 2010 പ്രോസ്പെക്ടസിലെ ക്ലോസ് 9.4.4 ഇപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

പ്രവേശന പരീക്ഷാ സമ്പ്രദായവുമായി ബന്ധപ്പെട്ട് സമഗ്രമായ പരിഷ്കരണം വരുത്തുന്ന സന്ദർഭത്തിൽ ഈ വിഷയം ഉൾപ്പെടെയുള്ള കാര്യങ്ങളെല്ലാം വീണ്ടും ചർച്ച ചെയ്യുന്നതും ഉചിത തീരുമാനങ്ങൾ സ്വീകരിക്കുന്നതുമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.12.2009